# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3782 | 15.03.2017 - ൽ മറുപടിയ്ക്ക് |
|---|---|

## ചരക്ക് സേവന നിയമം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ.ഇ.കെ.വിജയൻ<br>,, ആർ. രാമചന്ദ്രൻ<br>ശ്രീമതി സി.കെ. ആശ | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |
| (എ) | ചരക്ക് സേവന നിയമം കേരളത്തിൽ നടപ്പിൽ വരുത്തുന്നതിന് എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തീകരിക്കാനുള്ളത്; | (എ) | Model GST Law പാർലമെന്റ് പാസ്സാക്കി കഴിഞ്ഞാൽ SGST Act സംസ്ഥാന നിയമസഭയിൽ അവതരിപ്പിച്ച് പാസ്സാക്കേണ്ടതുണ്ട്. വ്യാപാരികൾക്ക് രജിസ്ട്രേഷൻ എടുക്കുന്നതിനും റിട്ടേൺ ഫയൽ ചെയ്യുന്നതിനും e-payment നടത്തുന്നതിനും വേണ്ട Common Portal GSTN എന്ന കമ്പനി തയ്യാറാക്കി വരുന്നു. എന്നാൽ സംസ്ഥാനതലത്തിൽ അസ്സസ്സ്മെന്റ് ആഡിറ്റ്, അപ്പീൽ എൻഫോഴ്സ്മെന്റ് മുതലായ കാര്യങ്ങൾ നടപ്പിലാക്കുന്നതിനായി backend module തയ്യാറാക്കേണ്ടതുണ്ട്. ഇതിനു വേണ്ട Software Application തയ്യാറാക്കൽ NIC യുടെ സഹകരണത്തോടെ പുരോഗമിച്ച വരുന്നു.<br>വകുപ്പിലെ എല്ലാ ജീവനക്കാർക്കും സാങ്കേതിക വിദ്യയെക്കുറിച്ചുള്ള പരിശീലനം പൂർത്തിയാക്കേണ്ടതുണ്ട്. ജി.എസ്.ടി നടപ്പിൽ വരുമ്പോൾ ഉദ്യോഗസ്ഥ ക്രമീകരണങ്ങൾ നടത്തേണ്ടതായിട്ടുണ്ട്. |
| (ബി) | പ്രസ്തുത നിയമം നടപ്പിൽ വരുമ്പോൾ ഏതൊക്കെ മേഖലകളിൽ നിന്ന് സംസ്ഥാനത്തിന് അധിക വരുമാനം ലഭിക്കുമെന്ന് വ്യക്തമാക്കുമോ; | (ബി) | ചരക്കുസേവനനികുതി പ്രാപ്യസ്ഥാനാധിഷ്ഠിത നികുതി സംവിധാനമായതിനാൽ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ഇത് അനുകൂലമാണ്. |

| | | | |
|---|---|---|---|
| | | | കൂടാതെ സേവന മേഖലയിലും സംസ്ഥാനത്തിനു നികുതി ചുമത്താം. ബാങ്കിംഗ്, ടെലികോം, ഇൻഷ്വറൻസ് തുടങ്ങിയ സേവനങ്ങളുടെ കേരളത്തിലെ ഉപഭോഗനിരക്ക് രാജ്യത്തെ ഉയർന്ന നിരക്കുകളിൽ ഒന്നാണ്. ഇതിലൂടെ സംസ്ഥാനത്തിന് നേട്ടമുണ്ടാകുമെന്നാണ് വിലയിരുത്തപ്പെടുന്നത്. |
| (സി) | ഏതൊക്കെ മേഖലകളിൽ നിന്ന് ലഭിച്ചുകൊണ്ടിരിക്കുന്ന വരുമാനം ഇല്ലാതാകുമെന്നും വരുമാനം കുറയുമെന്നും വ്യക്തമാക്കുമോ? | (സി) | GST നടപ്പാക്കുമ്പോൾ ഉണ്ടാകാവുന്ന വരുമാന നഷ്ടം കേന്ദ്രം നികത്തണമെന്ന് സംസ്ഥാനങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്. ചരക്കുസേവന നികുതി നടപ്പിലാക്കുമ്പോൾ 2015-16 ലെ നികുതി പിരിവിന്റെ അടിസ്ഥാനത്തിൽ 14% വർദ്ധനവ്, വർഷം തോറും കണക്കാക്കി ആദ്യ അഞ്ചുവർഷത്തേക്ക് സംസ്ഥാനങ്ങൾക്ക് പൂർണ്ണമായി നഷ്ടപരിഹാരം നൽകുന്നതാണെന്ന വ്യവസ്ഥ GST Compensation Act - ൽ ഉൾപ്പെടുത്തണമെന്ന് GST കൗൺസിൽ തീരുമാനിച്ചിട്ടുണ്ട്. അപ്രകാരം നിയമാനുസൃതം തന്നെ നഷ്ടപരിഹാരം ഉറപ്പാക്കുന്ന സംവിധാനം നിലവിൽ വരും. ഇതുകൊണ്ട് സംസ്ഥാനത്തിന്റെ നികുതി വരുമാനത്തെ GST പ്രതികൂലമായി ബാധിക്കുകയില്ലെന്നാണ് കരുതുന്നത്. |

**സെക്ഷൻ ഓഫീസർ**